**GAZETTE DATE : 28.11.2025**
**LAST DATE : 31.12.2025**

# SPECIAL RECRUITMENT – STATEWIDE

# CATEGORY NO: 471/2025

Applications are invited from qualified **Scheduled Caste/Scheduled Tribe** candidates of Kerala State for selection to the following post. Applications must be submitted online through the official website of the Kerala Public Service Commission after One Time Registration. Candidates who have already registered can apply through their profile.

1. **Name of Department** : **Fire and Rescue Services**
2. **Name of post** : **Fire and Rescue officer (Trainee)** (Special Recruitment from SC/ST)
3. **Scale of pay** : **₹ 27,900 – 63,700 /-**
4. **No. of Vacancies** : **SC/ST- 2 (Two)**

**Note:-** The above vacancies are now in existance. The ranked list of candidates finalized by the commission in pursuance of this notification shall cease to be in force after one year from the date of finalization of the ranked list . Recruitment will be made for the above vacancies and also for the vacancies reported for Special Recruitment from Scheduled Caste/Scheduled Tribe during the pendency of the list. Candidates against vacancies exclusively reported for Scheduled Tribes will also be advised from this list and only in the absence of Scheduled Tribe candidates in this list that fresh notification for Scheduled Tribes for vacancies reserved exclusively for them will be issued.

5. **Method of Appointment** : Direct Recruitment (Special Recruitment from among Scheduled Castes/Scheduled Tribes).

**Note:-** Applications received from candidates other than Scheduled Caste/Scheduled Tribe candidates will be rejected. Individual communications regarding the rejection of their applications for the above reason will not be issued.

6. **Age** : 18 – 31
   Only Candidates born between 02.01.1994 and 01.01.2007 (both dates included) are eligible to apply for this post. No other age relaxation will be allowed.

Note :- Women candidates and differently abled candidates are not eligible to apply for the post.

7. **Qualifications**

I) **Educational Qualifications:-**

Pass in Plus two or its equivalent.

**Preferential:** Diploma in Computer Application

Note :- (a) KS & SSR Part II Rule 10(a) ii is applicable.

(b) In addition to the qualifications prescribed in the Notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post, in the special rules or found acceptable by the Commission in cases where acceptance of equivalent qualifications is provided for in the rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government Orders declaring equivalent/ higher qualifications shall be produced as and when required by the Commission.

II) **Physical Qualifications:**

(a) The Candidates must be physically fit and should possess the following minimum physical standards as prescribed below

| | | |
|---|---|---|
| (i) | Height (without footwear) | 160 cm |
| (ii) | Chest | 76 cm |
| (iii) | Chest expansion | 5 cm |
| (iv) | Weight | 48 kg |

III) **Must have proficiency in swimming**

**Note:** The proficiency in swimming will be tested by a practical test conducted by the Commission. The following are the criteria for the swimming test.

i. 50 m swimming trial to be completed within two minutes.
ii. Two minutes floating ability at the deeper side of the swimming pool.

Candidate must qualify both the events to be considered as qualified in the swimming test.

IV) **Visual Standards**

Must possess the Visual Standards specified below without glasses

| | | Right Eye | Left Eye |
|---|---|---|---|
| (i) | Distant Vision | 6/6 Snellen | 6/6 Snellen |
| (ii) | Near Vision | 0.5 Snellen | 0.5 Snellen |
| (iii) | Field of Vision | Full | Full |

Note:- (1) (a) Each Eye must have a Full Field of Vision

(b) Colour Blindness, Squint or any Morbid Conditions of the Eye or Lids of either Eye shall be a disqualification for appointment.

(2) Candidates should produce a Medical Certificate issued by a Medical Officer not below the rank of a Civil Surgeon as to the candidate's physique, fitness and capacity for rough outdoor work and also of the visual standards. Candidates should produce Medical Certificate in original in the following format as and when called for by the Commission.

**MEDICAL CERTIFICATE**

[to be obtained from a Medical Officer not below the rank of a **Civil Surgeon** ]

**I have this day, medically examined Sri..........................................................................................................................................................................**
**...........................................................(Name & Address) and found that he has no disease or infirmity**, his hearing is perfect, his muscles and joints are free from paralysis and all joints are with free movements and his nervous system is perfectly normal and free from any infectious diseases **which would render him unsuitable for Government Service. His age, according to his own statement is …………and by appearance is …........... His standards of vision are as follows:-**

| **STANDARDS OF VISION** (without glasses) | | | |
|---|---|---|---|
| | | **Right Eye** | **Left Eye** |
| 1. Distant Vision | | …...................... Snellen | …...................... Snellen |
| 2. Near Vision | | …...................... Snellen | …...................... Snellen |
| 3. Field of Vision | | …...................... | …...................... |
| | (Specify whether full or not. Entry 'normal', 'good', 'average' etc., will be inappropriate here.) | | |
| 4. Color Blindness............................................................................... | | | |

| |
|---|
| 5. Squint ---------------------------------------------------------------------- |
| 6. Any morbid conditions of the eye or lid of either eye ................................ |
| **II. IDENTIFICATION MARKS** |
| 1. …………………………………..................................…………………… |
| 2. ……………………………………….......................................…………… |

He is Physically Fit and have capacity for ardous outdoor work for the post of Fire and Rescue Officer in Fire and Rescue Services Department.

I certify to the best of my knowledge and belief that the applicant Sri........................................................................... is the person herein above described and that the attached photograph has a reasonably correct likeness.

| |
|---|
| Photo of the Candidate |

Place:

Date: Signature

Name & Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear).

(Office Seal)

Note:- Details regarding Standards of vision should be clearly stated in the Certificate, as given above. Vague statements such as vision "normal", "good", "average" etc., will not be accepted. Specification for each eye should be stated separately. If the specifications are not as indicated above, the Certificate will not be accepted.

**V) Physical Efficiency Test**

Candidates must qualify in at least 5 out of 8 items in the physical efficiency test of National One Star standard showing the minimum standards of efficiency as noted below.

| Sl. No. | Events | Minimum Standards of Efficiency |
|---|---|---|
| 1 | 100 Metres Race | 14 seconds |
| 2 | High Jump | 132.20 cms |
| 3 | Long Jump | 457.20 cms |
| 4 | Putting the shot (7264 gms) | 609.60 cms |
| 5 | Throwing the Cricket ball | 6096 cms |
| 6 | Rope Climbing (only with hands) | 365.80 cms |
| 7 | Pull up or Chinning | 8 times |
| 8 | 1500 metres race | 5 minutes and 44 seconds |

Note :- (a) The Physical Measurement of the candidates will be taken prior to the Physical Efficiency Test and those who do not possess the prescribed Physical Measurements will not be admitted for the Physical Efficiency Test.

(b) If accidents or injuries happen to a candidate while participating in the Physical Efficiency Test, he will not be given further chance to participate in the test.

8. **Preferential :** Other conditions being equal, the Home Guard Volunteers who have completed a tenure of three years in that organizations and who have satisfactorily undergone training in Fire Fighting during the period of tenure shall be treated as having preferential qualification for direct recruitment to this post.

9. **Probation:-** Every person appointed to the post shall from the date on which he joins duty, after he completes the training and examination will be on probation for a period of two years on duty within a continuous period of three years.

10. **Training:-**

(i) Training for a period of 6 months in the State Fire Service Training School or in any other institution as may be fixed and pass in the examination in the subjects prescribed for the course.

(ii) After the above training six months practical training at a Fire Station and a pass in the examination in the subjects prescribed for the course.

**Note :** (i) A written and practical test shall be conducted during the last fortnight of the period of training, those who fail to qualify in either one or both tests shall have their training extended for a further period of one month, at the end of which they shall be tested again in the subjects in which they failed. The Director of Fire & Rescue Services shall allow a third chance to pass the course to all Fire and Rescue Officer recruits who fail at the retest.

(ii) Seniority among persons recruited direct who have qualified in the test conducted by Fire and Rescue Services Academy shall be determined on the basis of effective advice of the Kerala Public Service Commission and they shall be appointed to service on the basis of seniority list, only after completion of successful training.

11. **Bond :-** Person appointed by direct recruitment to the post of Fire and Rescue Officer shall execute a bond , binding himself to service in the department for a period of 7 years and to pay to Government an amount as prescribed by government, in case of failure to serve in the department for the said post.

12. **Mode of Submitting application :**

Candidates must register as per ONE TIME REGISTRATION with the official Website of Kerala Public Service Commission **www.keralapsc.gov.in** before applying for the post. Candidates who have registered can apply by logging on to their profile using their User-ID and Password. Candidates must refrain from creating multiple profiles, non compliance of which shall lead to forfeiture of their candidature. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for a post. Name of the candidate and the date of photograph taken should be printed legibly at the bottom portion of the photograph uploaded. **Candidates who create new profile should upload their photograph taken within a period of six months.** The uploaded photograph having all the required specifications shall be valid for 10 years from the date of taking of photographs. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of personal information and the secrecy of password. Prior to the final submission of the application on the profile, candidates must ensure correctness of the information incorporated in their profile. They must quote the User-ID for further communication with the Commission. Application submitted is provisionally accepted and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, experience, age, community etc. have to be produced as and when called for.

13. a) Those who have Aadhaar Card should add Aadhaar Card as ID proof in their profile.
b) The Examination Schedule and the Syllabus will be notified separately. The Tentative Schedule of the Physical Efficiency Test will be published.

14. **Last Date for receipt of applications : 31.12.2025 Wednesday** up to 12 Midnight.

15. Paragraphs two, three, five and twenty five (except the conditions laid down in the Rule 3 (C) of Part II of the kerala State and Subordinate Service Rules) of the general conditions are not applicable to this selection.

16. Appointments are made on the basis of the rank secured in the ranked list of candidates prepared in pursuance of this notification subject to the conditions laid down in G.O.(MS) No.142/72/PD dated 13.04.1972, G.O.(MS) No. 309/73/PD dated 29.11.1973, G.O.(P) No. 21/76/PD dated, 17.01.1976 and G.O.(P) No.25/94/GAD dated, 22.01.1994 allowing special reservations to Scheduled Castes and Scheduled Tribes in accordance with the procedures made for this purpose from time to time and subject to the rules under sections 3(c), 17(a), 17(b) of Part II of Kerala State and Subordinate Service Rules, 1958.

17. If written /OMR/Online Test is conducted as part of the selection, candidates shall submit a confirmation for writing the examination through their One Time Registration profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period, will be rejected absolutely. The period regarding the submission of confirmation and the availability of Admission Tickets will be published in the Examination Programme itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it.

18. Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure 1976, will be taken against those candidates who submit application for the post with false claims of possession of prescribed qualification, experience etc. and give confirmation for examination, irrespective of the fact that whether they have appeared or not for the examination.

19. **Special Instructions to Candidates**

1. In the case of difference in Caste/Community claimed in the application and that entered in SSLC book, the Candidate shall produce a Gazette Notification in this regard, along with Community Certificate at the time of certificate verification.

2. Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General conditions are liable to be rejected.

3. Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding Education, Experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written / practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them. If they have already been appointed, or any one or more of the above.

(For details including photo and identity proof etc. refer to the General Conditions at the end of the notification).

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് – സംസ്ഥാനതലം
## കാറ്റഗറി നമ്പർ : 471/2025

ചുവടെ ചേർക്കുന്ന ഉദ്യോഗത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ **പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട** യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഒറ്റത്തവണ രജിസ്ട്രേഷന് ശേഷം ഓൺലൈനായി കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ വെബ് സൈറ്റിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിലവിൽ രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാം.

1. **വകുപ്പ്** : **ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്**
2. **ഉദ്യോഗപ്പേര്** : **ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ (ട്രെയിനി)**
   (സ്പെഷ്യൽ റിക്രൂട്ട്മെന്റ് – പട്ടികജാതി/പട്ടികവർഗ്ഗം)
3. **ശമ്പളം** : **₹ 27,900 – 63,700 /–**
4. **ഒഴിവുകളുടെ എണ്ണം** : **SC/ST– 02 (രണ്ട്)**

**കുറിപ്പ്:–** മേൽ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷം വരെ ആയിരിക്കും. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവിലേയ്ക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായിരിക്കും.

5. **നിയമനരീതി** : നേരിട്ടുള്ള നിയമനം
   (സ്പെഷ്യൽ റിക്രൂട്ട്മെന്റ് – പട്ടികജാതി/പട്ടികവർഗ്ഗം)

**കുറിപ്പ്:–** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6. **പ്രായപരിധി** : 18 – 31 വയസ്സ്
   ഉദ്യോഗാർത്ഥികൾ 02.01.1994–നും 01.01.2007–നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

കുറിപ്പ് :– സ്ത്രീ ഉദ്യോഗാർത്ഥികളും ഭിന്നശേഷി ഉദ്യോഗാർത്ഥികളും ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

7. **യോഗ്യതകൾ** :

(I) **വിദ്യാഭ്യാസ യോഗ്യതകൾ:–**

പ്ലസ് ടു അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ പാസായിരിക്കണം.

കമ്പ്യൂട്ടർ ആപ്ലിക്കേഷനിലുള്ള ഡിപ്ലോമയുള്ളവർക്ക് മുൻഗണനയുണ്ടായിരിക്കും.

**കുറിപ്പ് :–** (a) KS & SSR Part II Rule 10 (a)(ii) ബാധകമാണ്.

(b) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുളള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുളള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത / ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

(II) **ശാരീരിക യോഗ്യതകൾ:–**

A) ഉദ്യോഗാർത്ഥികൾക്ക് ചുവടെ ചേർക്കുന്ന കുറഞ്ഞ ശാരീരിക യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

| | | |
|---|---|---|
| (i) | ഉയരം(പാദരക്ഷ കൂടാതെ) | 160 സെന്റീമീറ്റർ |
| (ii) | നെഞ്ചളവ് | 76 സെന്റീമീറ്റർ |
| (iii) | നെഞ്ച് വികാസം | 5 സെന്റീമീറ്റർ |
| (iv) | തൂക്കം | 48 കിലോഗ്രാം |

(III) **നീന്തലിൽ പ്രാവീണ്യം ഉണ്ടായിരിക്കണം**

**കുറിപ്പ്:** നീന്തലിലുള്ള പ്രാവീണ്യം തെളിയിക്കുന്നതിന് കമ്മീഷൻ ചുവടെ ചേർക്കുന്ന രീതിയിൽ പ്രായോഗിക പരീക്ഷ നടത്തുന്നതാണ്.

(i) രണ്ട് മിനിറ്റിനുള്ളിൽ 50 മീറ്റർ നീന്തി പൂർത്തിയാക്കണം.

(ii) നീന്തൽക്കുളത്തിന്റെ ആഴം കൂടിയ ഭാഗത്ത് 2(രണ്ട്) മിനിറ്റ് വെള്ളത്തിൽ പൊങ്ങി കിടക്കാനുള്ള കഴിവ്.

ഉദ്യോഗാർത്ഥികൾ മേൽ സൂചിപ്പിച്ച രണ്ട് ഇനങ്ങളും വിജയിച്ചാൽ മാത്രമേ നീന്തൽ പരീക്ഷയിൽ വിജയിച്ചതായി കണക്കാക്കുകയുള്ളൂ.

(IV) **കാഴ്ചശക്തി**

കണ്ണട കൂടാതെ തന്നെ ചുവടെ ചേർക്കുന്ന രീതിയിൽ കാഴ്ചശക്തി ഉണ്ടായിരിക്കണം

| | | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|---|
| (i) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| (ii) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| (iii) | ഫീൽഡ് ഓഫ് വിഷൻ | പൂർണ്ണം | പൂർണ്ണം |

<u>കുറിപ്പ്:-</u>

1. (a)ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം.

   (b)വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ അനാരോഗ്യകരമായിട്ടുള്ള അവസ്ഥ എന്നിവ ഈ തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള അയോഗ്യതയാണ്.

2. സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നും കായികശേഷി, ആയാസകരമായ ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി, കാഴ്ചശക്തി ഇവ സംബന്ധിച്ച് സാക്ഷ്യപ്പെടുത്തിയ ചുവടെ ചേർക്കുന്ന മാതൃകയിലുള്ള അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

## <u>MEDICAL CERTIFICATE</u>

[to be obtained from a Medical Officer not below the rank of a **Civil Surgeon]**

**I have this day, medically examined Sri.............................................................................................................................................. ..........................................................................(Name & Address) and found that he has no disease or infirmity**, his hearing is perfect, his muscles and joints are free from paralysis and all joints are with free movements and his nervous system is perfectly normal and free from any infectious diseases **which would render him unsuitable for Government Service**. **His age, according to his own statement is …………and by appearance is …........... His standards of vision are as follows:-**

| **STANDARDS OF VISION** (without glasses) | | |
|---|---|---|
| | Right Eye | Left Eye |
| 1. Distant Vision | …...............Snellan | …...............Snellan |
| 2. Near Vision | …...............Snellan | …...............Snellan |
| 3. Field of Vision | …........................ | …........................... |
| | (Specify whether full or not, Entry 'normal', 'good', 'average', etc., will be inappropriate here.) | |

| | |
|---|---|
| 4. Color Blindness.................................................................................. |
| 5. Squint ---------------------------------------------------------------------- |
| 6. Any morbid conditions of the eye or lid of either eye ................................ |
| **II. IDENTIFICATION MARKS** |
| 1. …………………………….......................................………………… |
| 2. …………………………………….......................................…………… |

He is Physically Fit and have capacity for ardous outdoor work for the post of Fire and Rescue Officer in Fire and Rescue Services Department.

I certify to the best of my knowledge and belief that the applicant Sri........................................................................... is the person herein above described and that the attached photograph has a reasonably correct likeness.

| Photo of the Candidate |
|---|

Signature

Name & Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear).

Place:

Date:

(Office Seal )

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. അവ്യക്തമായ പ്രസ്താവനകൾ അതായത് വിഷൻ "നോർമൽ, ഗുഡ്, ആവറേജ്" മുതലായവ സ്വീകാര്യമല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി രേഖപ്പെടുത്തിയിട്ടുള്ളത് മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിൽ അല്ലാത്ത സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതല്ല.

V) **കായിക ക്ഷമതാ പരീക്ഷ:**

| **ക്രമനമ്പർ** | **ഇനങ്ങൾ** | **യോഗ്യത** |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈജമ്പ് | 132.20 സെ.മീറ്റർ |
| 3 | ലോംഗ്ജമ്പ് | 457.20 സെ.മീറ്റർ |
| 4 | പുട്ടിംഗ് ദി ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീറ്റർ |
| 5 | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീറ്റർ |
| 6 | റോപ്പ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീറ്റർ |
| 7 | പുള്ളപ്പ് അഥവാ ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിട്ടും 44 സെക്കന്റും |

**കുറിപ്പ്:** (a) ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായിക ക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി എടുക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.

(b)കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

**8. മുൻഗണന:-** മറ്റുതരത്തിൽ തുല്യമാകുന്ന പക്ഷം ഹോംഗാർഡായി മൂന്നുവർഷക്കാലം സേവനം പൂർത്തിയാക്കുകയും പ്രസ്തുത കാലയളവിൽ ഫയർ ഫൈറ്റിംഗിന്റെ പരിശീലനം വിജയകരമായി പൂർത്തിയാക്കുകയും ചെയ്ത വോളന്റിയർമാർക്ക് ഈ തസ്തികയ്ക്ക് നിയമനത്തിന് മുൻഗണന നൽകുന്നതാണ്.

**9. പ്രൊബേഷൻ:-** ഈ തസ്തികയിൽ നിയമിതനാകുന്ന ഓരോ ഉദ്യോഗാർത്ഥിയും ട്രെയിനിംഗും പരീക്ഷയും പൂർത്തിയാക്കിയ ശേഷം ജോലിയിൽ പ്രവേശിയ്ക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ടു വർഷം പ്രൊബേഷനിലായിരിക്കും.

**10. ട്രെയിനിംഗ്:-** (I)സ്റ്റേറ്റ് ഫയർ സർവ്വീസ് ട്രെയിനിംഗ് സ്കൂളിലോ അതിനായി നിശ്ചയിച്ചിരിക്കുന്ന മറ്റ് ഏതെങ്കിലും സ്ഥാപനത്തിലോ ആറ് മാസത്തെ പരിശീലനം പൂർത്തിയാക്കേ ണ്ടതും, അതിനു ശേഷം പരിശീലനത്തിന് അനുശാസിച്ചിട്ടുള്ള വിഷയങ്ങളിൽ നടത്തുന്ന പരീക്ഷ പാസ്സാകേണ്ടതുമാണ്.

(ii)മേൽപ്പറഞ്ഞ പരിശീലനത്തിനു ശേഷം ഏതെങ്കിലും ഒരു ഫയർ സ്റ്റേഷനിൽ ആറ് മാസത്തെ പ്രായോഗിക പരിശീലനം പൂർത്തിയാക്കേണ്ടതും പരിശീലനത്തിന് അനുശാസിച്ചിട്ടുള്ള വിഷയങ്ങളിൽ നടത്തുന്ന പരീക്ഷ പാസ്സാകേണ്ടതുമാണ്.

**കുറിപ്പ്:-** (i)ട്രെയിനിംഗ് കാലയളവിന്റെ അവസാന രണ്ടാഴ്ചയിൽ ഒരു എഴുത്തു പരീക്ഷയും ഒരു പ്രായോഗിക പരീക്ഷയും നടത്തുന്നതും അവയിൽ പരാജയപ്പെടുന്നവരുടെ ട്രെയിനിംഗ് ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതും വീണ്ടും അവർക്ക് പരാജയപ്പെട്ട വിഷയങ്ങളിൽ പരീക്ഷ നടത്തുന്നതുമാണ്. പുനഃപരീക്ഷയിൽ പരാജയപ്പെടുന്ന ഫയർ ആന്റ് റെസ്ക്യൂ ഓഫീസർമാർക്ക് കോഴ്സ് പാസ്സാകുന്നതിന് ഫയർ ആന്റ് റെസ്ക്യൂ ഡയറക്ടർ മൂന്നാമതൊരു അവസരം കൂടി നൽകുന്നതാണ്.

(ii)നേരിട്ടുള്ള നിയമനം വഴി നിയമിക്കുന്ന, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമി നടത്തുന്ന ടെസ്റ്റ് യോഗ്യത നേടിയ ട്രെയിനികളെ കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയ നിയമന ശിപാർശാ മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ശേഷം സേവനത്തിലേക്ക് നിയമിക്കുന്നതാണ്.

**11. ബോണ്ട്:-** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നയാൾ പരിശീലനത്തിനു ശേഷം കുറഞ്ഞത് 7 വർഷമെങ്കിലും നിർബന്ധമായും ഈ തസ്തികയിൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ സേവനം അനുഷ്ഠിക്കേണ്ടതാണ്. അതിനു കഴിയാതെ വന്നാൽ സംസ്ഥാന ഗവൺമെന്റ് നിശ്ചയിക്കുന്ന തുക സംസ്ഥാന ഗവൺമെന്റിന് ഒടുക്കാമെന്ന് കാണിക്കുന്ന ഒരു ബോണ്ട് നിയമന സമയത്ത് നൽകേണ്ടതാണ്.

**12. അപേക്ഷ സമർപ്പിയ്ക്കേണ്ട രീതി :**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User ID യും Password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഒന്നിലധികം പ്രൊഫൈലുകൾ സൃഷ്ടിക്കുന്നത് കുറ്റകരവും ആയത് അപേക്ഷകൾ നിരസിക്കുന്നതിന് കാരണമായതുമാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത അവരുടെ ഫോട്ടോഗ്രാഫ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതാണ് നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**13.** a)ആധാർ കാർഡ് ഉള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

b) പരീക്ഷാ ഷെഡ്യൂളും സിലബസും പ്രത്യേക വിജ്ഞാപനം ചെയ്യുന്നതാണ്. കായിക ക്ഷമതാ പരീക്ഷയുടെ Tentative Schedule പ്രസിദ്ധീകരിക്കുന്നതാണ്.

**14. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 31.12.2025 ബുധനാഴ്ച** അർദ്ധരാത്രി 12 മണി വരെ

15. പൊതുവ്യവസ്ഥകളിലെ രണ്ടും മൂന്നും അഞ്ചും ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25-ആം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

16. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976-ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 - ലെ ജി.ഒ.(പി)നം.25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനകാര്യത്തിൽ അപ്പപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958- ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

17. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ പ്രോഗ്രാമിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലും നൽകുന്നതാണ്.

18. വിദ്യാഭ്യാസം, പ്രവൃത്തി പരിചയം തുടങ്ങിയ യോഗ്യതകൾ തെറ്റായി രേഖപ്പെടുത്തിയ ശേഷം പരീക്ഷയ്ക്ക് കൺഫർമേഷൻ (സ്ഥിരീകരണം)നൽകുന്ന ഉദ്യോഗാർത്ഥികൾ അവർ പരീക്ഷ എഴുതിയാലും എഴുതിയില്ലെങ്കിലും KPSC Rules of Procedure(1976) Rule22 പ്രകാരം ശിക്ഷാർഹരായിരിക്കുന്നതാണ്.

19. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

1. ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/ സമുദായം എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാസമയത്ത് ഹാജരാക്കേണ്ടതാണ്.
2. ഉദ്യോഗാർത്ഥി ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.
3. വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തരകടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ / നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

**(ഫോട്ടോ, തിരിച്ചറിയൽ രേഖ ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് പൊതു വ്യവസ്ഥകൾ നോക്കുക)**

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ